# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 5130 — 06.02.2014-ൽ മറുപടിയ്ക്ക്

## പോലീസ്-ഗുണ്ടാ ബന്ധം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ.കെ.ബാലൻ<br>ശ്രീ.പി.ശ്രീരാമകൃഷ്ണൻ<br>ശ്രീ.വി.ശിവൻകുട്ടി<br>ശ്രീ.സി.കെ.സദാശിവൻ | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) തലസ്ഥാന നഗരിയിലേതുൾപ്പെടെ സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകൾ ഏറെയും ഗുണ്ടാ പ്രവർത്തനങ്ങൾ നടത്തുന്നവരുടെ വിഹാര കേന്ദ്രങ്ങളായിരിക്കുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;<br>(ബി) പോലീസും ഗുണ്ടകളും തമ്മിലുള്ള അവിഹിത ബന്ധങ്ങളും അതുവഴി സാധാരണ ജനങ്ങൾക്ക് നീതി ലഭിക്കാതിരിക്കുന്നതും സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) & (ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ഇത്തരം ബന്ധം ശ്രദ്ധയിൽപ്പെട്ടാൽ കർശന നടപടി ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിക്കും. |
| (സി) കമന്റടി സഹിക്കവയ്യാതെ ഒരു പെൺകുട്ടിയുടെ അച്ഛൻ വലിയതുറ പോലീസിന് നൽകിയ പരാതിയിന്മേൽ നടപടി സ്വീകരിക്കുകയുണ്ടായോ; പോലീസിൽ പരാതിപ്പെട്ടതിനെത്തുടർന്ന് ഗുണ്ടാസംഘം പെൺകുട്ടിയേയും അച്ഛനെയും മർദ്ദിച്ച് അവശരാക്കിയതായി അറിയാമോ; പരാതിക്കാരനെ പോലീസ് ലോക്കപ്പിലാക്കുന്ന സ്ഥിതിയുണ്ടായോ; വിശദമാക്കാമോ? | (സി) പരാതി ലഭിച്ചിട്ടില്ല. എന്നാൽ ടി കേസിലെ ആവലാതിക്കാരൻ ശ്രീ.രാജൻ (പെൺകുട്ടിയുടെ അച്ഛൻ) നൽകിയ മൊഴിയുടെ അടിസ്ഥാനത്തിൽ വലിയതുറ പോലീസ് സ്റ്റേഷൻ ക്രൈം 1549/13 u/s 294(b), 452, 323, 324, 354, 427 & 34 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് 3 പ്രതികളെ അറസ്റ്റ് ചെയ്ത് റിമാന്റഡ് ചെയ്തിട്ടുള്ളതാണ്. ആവലാതിക്കാരന്റെ പെൺമക്കളെ കുറിച്ച് അനാവശ്യം പറയുന്നത് നിർത്തണമെന്ന് പറഞ്ഞു വിലക്കിയതിൽ വെച്ചുള്ള വിരോധം നിമിത്തമാണ് പ്രതികൾ ടിയാനെയും മക്കളെയും ആക്രമിച്ചത്. ഈ സംഭവത്തിൽ പരാതിക്കാരനെ ലോക്കപ്പിൽ പാർപ്പിച്ചിട്ടില്ല. |

(signature)

സെക്ഷൻ ഓഫീസർ